പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം പോലീസ് സേനയുടെ നവീകരണം സംബന്ധിച്ച പദ്ധതികൾ ഇനി മുതൽ അതാത് സംസ്ഥാന സർക്കാരുകളാണ് നടപ്പിലാക്കേണ്ടത് എന്നതിനാൽ പ്രസ്തുത സ്കൂൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാക്കുവാൻ നിർവ്വാഹമില്ലായെന്നുള്ള വിവരം കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിനുവേണ്ട പ്രോജക്ട് റിപ്പോർട്ട് സഹിതമുള്ള വിശദമായ പ്രൊപ്പോസൽ വകുപ്പുതലത്തിൽ തയ്യാറാക്കി വരുന്നു.

വെള്ളട്ടായിൽ സരോജിനിയുടെ മരണം

237 (3749) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിലെ വെള്ളട്ടായിൽ സരോജിനിയുടെ വീട് അതിക്രമിച്ച് കയറുകയും സരോജിനി മരണടപ്പെടുകയും ചെയ്ത സംഭവത്തിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത കേസ്സിന്റെ എഫ്.ഐ.ആർ-ൽ രേഖപ്പെടുത്തിയിട്ടുള്ള പ്രതികൾ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) വീട് ആക്രമണത്തിൽ സ്ഫോടക വസ്തുക്കൾ ഉപയോഗിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) സരോജിനിയുടെ മരണവുമായി ബന്ധപ്പെട്ട് കൊലക്കുറ്റത്തിന് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) കതിരൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 117/2015 U/s. 143, 147, 148, 452, 324, 427 r/w 149 & Sec. 3 & 5 of E.S. Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ താഴെപ്പറയുന്ന പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്.

1. പ്രനൂപ് ബാബു S/o. സുരേഷ് ബാബു
2. സുരേഷ് S/o. സുരേന്ദ്രൻ
3. അജേഷ് S/o. ആണ്ടി

LIBRARY ARCHIVES Kerala Legislative Assembly

4. അനീഷ് കെ. പി. S/o. ആണ്ടി

5. പ്രനീഷ് S/o. അനിൽ കുമാർ

6. പ്രജിത്ത് @ബാക്കൻ S/o. പ്രകാശൻ

7. മാറോളി ധനേഷ് S/o. ദാസൻ

8. നിജി S/o. ജനാർദ്ദനൻ

9. അജീഷ് S/o. കുമാരൻ

10. വരുൺ. കെ S/o.വിനോദ് കുമാർ

11. സുർജിത്ത് S/o. ചന്ദ്രൻ

12. ശരത്ത് S/o. ശശി

(സി) കേസിലെ മൂന്നാം പ്രതി അജേഷ്, അഞ്ചാം പ്രതി പ്രനീഷ് എന്നിവരൊഴികെ പത്ത് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മൂന്നാം പ്രതി അജേഷ് ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. അഞ്ചാം പ്രതി പ്രനീഷിനെ, കേസിന്റെ ഇതുവരെയുള്ള അന്വേഷത്തിൽ ടിയാൻ സംഭവത്തിൽ ഉൾപ്പെട്ടിട്ടില്ലെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രതി സ്ഥാനത്തുനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ റോഡിൽ എറിഞ്ഞതായി വെളിവായിട്ടുണ്ട്.

(ഇ) ഇല്ല. അഞ്ച് വർഷത്തോളമായി സരോജിനി എന്ന സ്ത്രീ സന്ധിവാതം, ആസ്ത്മ, സോഡിയം കുറഞ്ഞതുമായി ബന്ധപ്പെട്ട അസുഖങ്ങൾ എന്നിവ കാരണം പരിയാരം മെഡിക്കൽ കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ചികിത്സയിലായിരുന്നുവെന്നും ടിയാളുടെ മരണം സ്വാഭാവിക മരണമാണെന്നും അന്വേഷണത്തിൽ വെളിവായിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ

238 (3750) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയാൻ നിയമം നിർമ്മിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly